പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1929 04.05. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബിയുടെ വരുമാനകമ്മി നികത്തുന്നതിന് വൈദ്യുതി നിരക്ക് വർദ്ധനവ്

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

"എൽദോസ് കുന്നപ്പിള്ളി

"പി.ടി.തോമസ്

" എ.പി.അനിൽകുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.ലിമിറ്റഡ് നിലവിൽ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് എങ്കിൽ വിശദാംശം നൽകുമോ; | (എ) കെ.എസ്.ഇ.ബി.ലിമിറ്റഡ് നിലവിൽ ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിലെ കണക്കു പ്രകാരം റവന്യൂ കമ്മി `313.29 കോടി രൂപയാണ്. 2016-17 സമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. പ്രസ്തുത വർഷത്തിലെ അർദ്ധ വാർഷിക കണക്കു പ്രകാരം (ഏപ്രിൽ 2016 മുതൽ സെപ്റ്റംബർ 2016-വരെ) റവന്യൂ കമ്മി 730.33 കോടി രൂപയാണ്. |
| (ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2013 നവംബർ ഒന്ന് വരെയുള്ള ബാധ്യതകൾ സർക്കാർ ഏറ്റെടുത്തിരുന്നോ; | (ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 2013 നവംബർ ഒന്ന് വരെയുള്ള ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടില്ല. |
| (സി) നിലവിൽ കെ.എസ്.ഇ.ബി.ക്ക് വരുമാനം കമ്മിയുണ്ടോ;എങ്കിൽ എത്രയാണ്; | (സി) ഉണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, 17.04.2017-ലെ ഉത്തരവിലൂടെ സ്വമേധയാ ഉള്ള നടപടി ക്രമങ്ങളിലൂടെ 2016-17, 2017-18 വർഷങ്ങളിലേയ്ക്കുള്ള പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച (ARR & ERC) ഉത്തരവിറക്കിയിട്ടുണ്ട്.<br><br>ടി ഉത്തരവു പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് 400.12 കോടി രൂപയുടെ വരുമാന കമ്മിയും 2017-18 സാമ്പത്തിക വർഷത്തിൽ 490.92 കോടി രൂപയുടെ ലാഭവും ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി, കെ.എസ്.ഇ.ബി.ലിമിറ്റഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള ട്രൂ - അപ്പ് പെറ്റീഷനുമേൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു പ്രകാരം 2012-13 സാമ്പത്തിക വർഷം വരെയുള്ള ട്രൂ - അപ്പ് ഉത്തരവ് പ്രകാരം നികത്താതെയുള്ള വരുമാന കമ്മി 4944 കോടി രൂപയാണ്. (എന്നാൽ കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ കണക്കു പ്രകാരം ഇത് 7171 .50 കോടി രൂപയാണ്). |
| (ഡി) പ്രസ്തുത കമ്മി നികത്തുന്നതിനായിട്ടാണോ വൈദ്യുതി നിരക്ക് 2017 ഏപ്രിൽ 18 മുതൽ വർദ്ധിപ്പിച്ചത്? | (ഡി) 2012-13 സാമ്പത്തിക വർഷം വരെയുള്ള കമ്മീഷന്റെ ട്രൂ - അപ്പ് ഉത്തരവു പ്രകാരം നികത്താതെയുള്ള ആകെ വരുമാനകമ്മി 4944 കോടി രൂപ ആണ് ടി വരുമാന കമ്മിയുടെ ഒരു ഭാഗം മാത്രമാണ് |

| | |
|---|---|
| | (1040.92 കോടി രൂപ) 2017-18 സാമ്പത്തിക വർഷത്തിൽ നികത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ടി തുകയിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഉണ്ടാകുമെന്ന്, കമ്മീഷൻ നിജപ്പെടുത്തി യിട്ടുള്ള (സ്വമേധയാ ഉള്ള നടപടിക്രമങ്ങളുടെ ഭാഗമായി) 490.92 കോടി രൂപയുടെ ലാഭം തട്ടി കിഴിച്ചതിനു ശേഷം ബാക്കിയുള്ള 550 കോടി രൂപ മാത്രം താരിഫ് വർദ്ധനവിലൂടെ ഈ വർഷം ഈടാക്കാനുള്ള ഉത്തരവാണ് കമ്മീഷൻ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ